3. ഗവ. എൽ.പി. സ്കൂൾ ശ്രീകണ്ഠേശ്വരം എൽ.ബി.എസ്സിന് കൈമാറിയിട്ടുണ്ട്.

കൊല്ലം, പത്തനംതിട്ട, കോട്ടയം. എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളുടെ റിപ്പോർട്ട് ശേഖരിച്ച് നൽകുന്നതാണ്.

അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകൾ

39 (822)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്വകാര്യമേഖലയിൽ ഏതെങ്കിലും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവയുടെ എണ്ണവും അവ എവിടെയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകൾ ഏതൊക്കെ മാനേജ്മെന്റിന്റെ കീഴിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവ അപ്ഗ്രേഡ് ചെയ്യാൻ സ്വീകരിച്ച മാനദണ്ഡം വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടുക്കി ജില്ലയിലെ ചിന്നക്കനാലിൽ ഫാത്തിമ മാതാ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്തു.

(സി) വിജയപുരം ഡയോസിസ്, കോട്ടയം കോർപ്പറേറ്റ് മാനേജ്മെന്റ്.

(ഡി) 9.8.96-ലെ സർക്കാർ ഉത്തരവ് 139/94/പൊ.വി പ്രകാരം ചിന്നക്കനാലിൽ ഗവ. യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിന് കഴിവില്ലെന്ന് പി.ടി.എ.യും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും അറിയിക്കുകയും ഫാത്തിമ മാതാ എൽ.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തണമെന്ന് ശുപാർശ ചെയ്യുകയുമുണ്ടായി.

ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തിൽ ഒരു ഹൈസ്കൂളെങ്കിലും അനുവദിക്കണമെന്ന നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ടി സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിച്ചത്.

എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

40 (823)ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം നിലവിലുള്ള ലോവർ പ്രൈമറി സ്കൂളുകൾ, അപ്പർ പ്രൈമറി സ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൃത്താല എ.ഇ.ഒ യുടെ കീഴിലുള്ള പെരുവണ്ണൂർ എൽ.പി. സ്കൂൾ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യാനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ലഭിച്ചിട്ടുണ്ട്. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. നയപരമായ തീരുമാനത്തിന്റെ അഭാവത്തിൽ അപേക്ഷയിൽ തീരുമാനമെടുക്കാൻ നിർവ്വാഹമില്ല.

മലയോര പ്രദേശങ്ങളിൽ ജോലി നോക്കുന്ന അദ്ധ്യാപകർ

41 (824)ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര പ്രദേശങ്ങളിലും നാടിന്റെ വാഹന സൗകര്യമില്ലാത്ത പിന്നോക്ക പ്രദേശങ്ങളിലും പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകർ ജോലി ചെയ്യാൻ മടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് എന്ത് പരിഹാരം ആണ് സർക്കാർ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വനിതകളായ അദ്ധ്യാപകരെ വനപ്രദേശങ്ങളിലും യാത്രാസൗകര്യമില്ലാത്ത പ്രദേശങ്ങളിലുമുള്ള സ്കൂളുകളിൽ നിയമിക്കുന്നതുമൂലം അവർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ സർക്കാരിന് എന്തെങ്കിലും പ്രത്യേക പദ്ധതിയുണ്ടോ;

(ഡി) ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ജോലി നോക്കുവാൻ തയ്യാറാകുന്നവർക്ക് പ്രോത്സാഹനമായി അഡ്വാൻസ് ഇൻക്രിമെന്റ് പോലുള്ള ആനുകൂല്യങ്ങൾ നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ, മലയോരപ്രദേശങ്ങളിലും വാഹനസൗകര്യമില്ലാത്ത പിന്നോക്ക പ്രദേശങ്ങളിലും പ്രവർത്തിക്കുന്ന സ്കൂളുകളിൽ ആദ്യമേ തന്നെ നിയമനം നടത്തുന്നതുകൊണ്ട് അദ്ധ്യാപക ഒഴിവുകൾ ഭൂരിഭാഗവും നികത്തപ്പെടുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനങ്ങളിൽ ഏതു സ്കൂളിലും ജോലി ചെയ്യാനുള്ള സന്നദ്ധത കൂടി ഇന്റർവ്യൂ സമയത്ത് മാനദണ്ഡമായി കണക്കാക്കുന്നുണ്ട്. മലയോര പ്രദേശങ്ങളിലേയും, വാഹനസൗകര്യമില്ലാത്ത പിന്നോക്ക പ്രദേശങ്ങളിലേയും സ്കൂളുകൾ ഏതെല്ലാമെന്ന് ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ സമയത്ത് അറിയിക്കുന്നതും, അത്തരം സ്കൂളുകളിൽ

LIBRARY ARCHIVES Kerala Legislative Assembly